# ക്രിസ്തുമസ്
# ചരിത്രം തിരുത്തിയ തിരുനാൾ

പഴയ പാഠപുസ്തകങ്ങളിലൊന്നിൽ പഠിച്ച സ്വാർത്ഥനായ രാക്ഷസന്റെ കഥ (The Selfish Giant) ഇപ്പോഴും മനസ്സിൽനിന്നു മായാതെ നിൽക്കുന്നു. മുതിർന്നപ്പോൾ മനസ്സിലായി പ്രസ്തുത കഥ എഴുതിയത് വിഖ്യാത സാഹിത്യകാരൻ ഓസ്കാർ വൈൽഡ് ആണെന്ന്.

പൂത്തുലഞ്ഞ തന്റെ ഉദ്യാനത്തെ കുട്ടികൾ കളിസ്ഥലമാക്കിയത് രാക്ഷസന് തീരെ പിടിച്ചില്ല. കുട്ടികൾക്കു പടിയടച്ച് രാക്ഷസൻ മതിലുകെട്ടി. തന്റെ ഉദ്യാനഭംഗി തനിക്കുവേണ്ടി മാത്രം എന്ന് അദ്ദേഹം കരുതി. 'മതിലു ചാടുന്നവന് കഠിന ശിക്ഷ' എന്ന ബോർഡും വച്ചു. പിറ്റേവർഷം ഉദ്യാനം പൂത്തില്ല, പൂമ്പാറ്റകൾ വിരുന്നുവന്നില്ല, പുല്ലുകൾ മുളച്ചില്ല, കിളികൾ പറന്നില്ല, വൃക്ഷങ്ങൾ തലയനക്കിയില്ല. വർഷങ്ങൾ കടന്നുപോയി. തന്റെ ഉദ്യാനത്തിനെന്തുപറ്റി എന്ന് അറിയാതെ രാക്ഷസൻ വിഷണ്ണനായി. ഒരു പ്രഭാതത്തിൽ ഉദ്യാനമാകെ പൂത്തുലഞ്ഞു. ജനലിലൂടെ നോക്കിയ രാക്ഷസൻ ഓരോ മരത്തിലും കളിക്കുന്ന കുട്ടികളെ കണ്ടു. കുഞ്ഞുങ്ങൾക്കു പടിയടച്ചതാണ് ഉദ്യാനത്തെ ഊഷരമാക്കിയതെന്ന് രാക്ഷസനു മനസ്സിലായി. കൂട്ടുകൂടാൻ ഓടിവന്ന രാക്ഷസനെക്കണ്ട് കുഞ്ഞുങ്ങൾ ചിതറിയോടി. ഏറെ ഓടാൻ കഴിയാത്ത ഒരു പിഞ്ചുബാലൻ മാത്രം തോട്ടത്തിൽ അവശേഷിച്ചു. അവനെ എടുത്തുയർത്തി രാക്ഷസൻ മരക്കൊമ്പിലിരുത്തി. തോട്ടമാകെ വീണ്ടും പൂത്തുലഞ്ഞു. കൊച്ചുകുഞ്ഞ് പിഞ്ചിളം കൈകൊണ്ട് രാക്ഷസന്റെ മുഖമടുപ്പിച്ച് ഉമ്മവച്ചു. മറ്റെല്ലാ കുട്ടികളും സാവകാശം അടുത്തുവന്നു... രാക്ഷസൻ എല്ലാവരുമായി സ്നേഹത്തിലായി. എന്നാൽ ആ പിഞ്ചുബാലനെ പിന്നീടൊരിക്കലും കണ്ടില്ല. രാക്ഷസൻ വൃദ്ധനായി മരണാസന്നനായി. ഒരുനാൾ പഴയ മരച്ചുവട്ടിൽ അതാ പിഞ്ചുബാലൻ വീണ്ടും. രാക്ഷസൻ ഓടിയെത്തി അവന്റെ കൈകളിലെ ആണിപ്പഴുതുകൾ കണ്ട് രാക്ഷസന് ആളെ മനസ്സിലായി. അന്നു രാത്രി രാക്ഷസൻ മരിച്ചു. ആ മൃതദേഹം വെള്ളപ്പൂക്കൾ വീണു മൂടി.

ദൈവം വളർത്തിയ ഏദേൻ തോട്ടമായിരുന്നു ഈ ലോകം. മനുഷ്യൻ മതിലുകെട്ടി പലരെയും പടിയിറക്കി, പലർക്കും മുന്നിൽ വാതിലുകൾ കൊട്ടിയടച്ചു. സത്രത്തിൽ പോലും ഇടംകിട്ടാതെ മഞ്ഞുപെയ്യുന്ന രാത്രിയിൽ പൂർണ്ണ ഗർഭിണികൾപോലും തെരുവിലേക്ക് പുറംതള്ളപ്പെടാൻ മാത്രം മനുഷ്യന്റെ സ്വാർത്ഥത വർദ്ധിച്ചു. ലോകത്തിന്റെ വസന്തമെല്ലാം അസ്തമിച്ചു. നന്മയുടെ പൂക്കളൊന്നും വിരിയാതായി. പിഞ്ചുകുഞ്ഞിന്റെ കരച്ചിലിനെപ്പോലും ശത്രുസൈന്യത്തിന്റെ കാഹളമായി തെറ്റിദ്ധരിച്ച് സകലകുഞ്ഞുങ്ങളെയും കൊല്ലാൻ കല്പനയിറക്കുന്ന രാക്ഷസന്മാർ നാടുവാഴുന്ന കാലമായിരുന്നു അത്.

വസന്തം പടിയിറങ്ങി, മരണം പറന്നിറങ്ങിയ ആ തോട്ടത്തിലേക്ക് ആയിരം വസന്തങ്ങളുടെ നിറവുമായി ഒരു പിഞ്ചുബാലൻ കടന്നുവന്ന ദിനമാണ് ക്രിസ്തുമസ്. അവൻ വന്നപ്പോൾ പറുദീസാ വീണ്ടും വന്നു. നമ്മുടെ ജീവിതങ്ങളിൽ നിന്നു പടിയിറങ്ങിപ്പോയ വസന്തം തിരിച്ചു തരാനാണ് ഉണ്ണീശോ പിറന്നത്.

ക്രിസ്തുവിന്റെ ജനനം ചരിത്രത്തെ രണ്ടായി പകുത്തു: എ.ഡി. യും ബി.സി. യുമായി. അവന്റെ ജനനം കഴിഞ്ഞിട്ട് 2011 കൊല്ലമായി എന്ന് ഈ വർഷം ലോകത്തെക്കൊണ്ട് ദൈവം ഏറ്റുപറയിക്കുകയാണ്. ക്രിസ്തുമസിനോടൊത്തു വരുന്ന പുതുവത്സരവും വിശ്വാസ പ്രഘോഷണമാണ്. വർഷങ്ങൾ ഓരോ തവണ പരാമർശിക്കുമ്പോൾ നിരീശ്വരവാദിയും ക്രിസ്തുവിരോധിയും പോലും അവന്റെ ജനനം ഏറ്റുപറയാൻ നിർബന്ധിതനാകുന്നു എന്നത് ദൈവം ഒരുക്കിയ ഫലിതമാണ്. നമ്മുടെ ജനനം പറയുന്നതും അവന്റെ ജനനത്തോടു ബന്ധപ്പെടുത്തിയാണ്. "അവന്റെ ജനനത്തിന്റെ...... ഇത്രാം വർഷമാണ് ഞാൻ ജനിച്ചത്" എന്നതാണ് നമ്മുടെ ജനനതിയ്യതി വിളിച്ചറിയിക്കുന്നത്. അവന്റെ ജനനത്തോടു ബന്ധപ്പെട്ടതാണ് സകല ജനങ്ങളും . അവന്റെ ജനനനാളിനെ സ്മരിക്കാതെ ചരിത്രമെഴുതാനാകാത്തവിധം ആ ദിനം ചരിത്രത്തിന്റെ കേന്ദ്രമായി മാറി.

ക്രിസ്തുവിനെ കണ്ടുമുട്ടുന്നവരുടെയും ചരിത്രം രണ്ടായി തിരിയുന്നു. അവനെ കണ്ടുമുട്ടുന്നതിനു മുമ്പും അതിനു ശേഷവും. അവനെ കണ്ടുമുട്ടിയ സാവൂളിന്റെ ജീവിതം അതിനുശേഷം പൗലോസായി മാറി. ആഗസ്തീനോസ് എന്ന ആഭാസൻ സെന്റ് അഗസ്റ്റിൻ എന്ന വേദപാരംഗതനായി... ചരിത്രം നീളുന്നു. ക്രിസ്തുവിനെ കണ്ടവരുടെ ചരിത്രം പിളരണം. ഇതുവരെയുള്ള ചരിത്രം പുതിയൊരു ചരിത്രത്തിനു വഴിമാറണം. എ.ഡി.യും ബി.സി.യും ചരിത്രത്താളുകളിൽ നാൾവഴി കുറിക്കാനുള്ള അടയാളങ്ങൾ മാത്രമല്ല. ക്രിസ്തുവിനെ കണ്ടു മുട്ടുന്ന ഓരോ ജീവിതത്തിലും വരേണ്ട തിരുത്തലിന്റെ നിദാന്തമായ ഓർമ്മപ്പെടുത്തൽ കൂടിയാണ്. ക്രിസ്തുമസ് നമ്മുടെ ചരിത്രം തിരുത്താനുള്ള തിരുനാളാണ്.